
# ജോൺസി : അതുല്യനായ ഹരിത ദാർശനികൻ

വി.സി. ബാലകൃഷ്ണൻ



"പ്രകൃതിയിലേക്കുള്ളതെല്ലാം സമയബന്ധിതമാണ്. അതിനാൽ എല്ലാറ്റിനും ഒരു കഥയുണ്ട്. എല്ലാ കഥകൾക്കും ഒരു ആരംഭവും അവസാനവും ഉണ്ട്. ഒരു പദാർത്ഥം അതിന്റെ ധർമ്മം നിർവ്വഹിച്ചുകഴിഞ്ഞാൽ അഴിഞ്ഞ് അതിലെ ഘടകങ്ങൾ മറ്റൊരു പദാർത്ഥമായി മാറുന്നു എന്നതും സത്യമാകുന്നു. മൂലകങ്ങൾ ഊർജ്ജമായും ഊർജ്ജം മൂലകങ്ങളായും മാറുന്നു. ഇതേ കാരണത്താൽ ഒന്നും നശിക്കുന്നില്ല. രൂപഭേദം മാത്രമേ സംഭവിക്കുന്നുള്ളൂ."

കേരളത്തിൽ പരിസ്ഥിതി പ്രസ്ഥാനങ്ങൾ സജ്ജീവമാകുന്നത് എഴുപതുകളുടെ അവസാനത്തോടെയാണ് - സൈലന്റ്‌വാലി സംരക്ഷണ പ്രവർത്തനങ്ങളോടെ. എന്നാൽ എഴുപതുകളുടെ തുടക്കത്തിൽതന്നെ 1972-ൽ സുവോളജിക്കൽ ക്ലബ്ബ് രൂപീകരിച്ചുകൊണ്ട് ഹരിത ചിന്തകൾക്കും പ്രസ്ഥാനങ്ങൾക്കും വിത്തുപാകിയ ഹരിതദാർശനികനായിരുന്നു ജോൺസി. ശൈശവകാലത്തുതന്നെ തന്നിൽ മുളപൊട്ടിയ പാരിസ്ഥിതിക ചിന്തകളെ മദ്രാസ് ക്രിസ്ത്യൻ കോളേജിന്റെ അന്തരീക്ഷവും തന്റെ ഗുരുവായ ഡോ. ജോഷ്വായും ചേർന്ന് പുഷ്ടിപ്പെടുത്തുകയായിരുന്നു. പഠനത്തെതുടർന്ന് ദേവഗിരി കോളേജിലും പിന്നീട് പയ്യന്നൂർ കോളേജിലും പ്രവർത്തിച്ചതുവഴി തന്റെ ചിന്തകൾക്കും ആശയങ്ങൾക്കും മൂർത്തീരൂപം നൽകുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തെ പരിസ്ഥിതി ഉച്ചകോടിക്കുമുമ്പുതന്നെ തന്റെ വിദ്യാർത്ഥികളോട് അദ്ദേഹം ഹരിതചിന്തകളുടെ പ്രസക്തിയെകുറിച്ചു പറഞ്ഞു തുടങ്ങിയിരുന്നു. തുടർന്ന് 1973-ൽ ഡിസംബറിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പയ്യന്നൂർ കോളേജിൽ നടത്തിയ ജന്തുശാസ്ത്ര പ്രദർശനം ആയിരക്കണക്കിന് വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും പരീക്ഷണചിന്തയുടെ ബീജാവാസം നടത്തപ്പെടുകയായിരുന്നു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ പ്രകൃതിപരിചയ സഹവാസം എട്ടിക്കുളത്തുവെച്ചു നടത്തുകയും ചെയ്തു. സൈലന്റ്‌വാലി പദ്ധതിക്കെതിരായി ആദ്യത്തെ പൊതുപരിപാടികൾ തുടങ്ങുന്നത് ജോൺസിയും സുവോളജിക്കൽ ക്ലബ്ബുമായിരുന്നു - 1979ൽ. ഇതോടെ പരിസ്ഥിതിയെക്കുറിച്ച് ചിന്തിക്കാനും ചർച്ച ചെയ്യുവാനും ഒട്ടേറെപേർ തയ്യാറാവുകയുണ്ടായി.

തന്റെ ചിന്തകളും ആശയങ്ങളും പങ്കുവെയ്ക്കുന്നതോടൊപ്പം തന്നെ തന്റെ സങ്കടങ്ങളും ആകുലതകളും കൂടി അദ്ദേഹം ശിഷ്യരോടും സുഹൃത്തുക്കളോടും പങ്കുവെയ്ക്കുകയുമായിരുന്നു. ഒരുപക്ഷേ ചെറുപ്പം മുതൽക്കുള്ള ഒറ്റപ്പെടലുകളിൽനിന്ന് ഇതുവഴി അദ്ദേഹം ആശ്വാസം കണ്ടെത്തിയിരിക്കണം.

ഇരുപതുവർഷം മുമ്പാണ് ജോൺസിയെ നേരിട്ടുപരിചയപ്പെടുന്നത് - ഒരേഭൂമി ഒരേ ജീവൻ എന്ന സംഘടനയുടെ 'ആൻഖ് സാഹോദര്യ'ത്തിന്റെ കൂട്ടാളിയിലെ കൂടിച്ചേരലിൽവെച്ച്. ഇതിന് നിമിത്തമായത് ഓഫീസിൽ എന്റെ സഹപ്രവർത്തകനായിരുന്ന സുകുമാരൻ ആയിരുന്നു. ജോൺസി അക്കാലത്ത് മാടായിപ്പാ

റയുടെ താഴ്വാരത്തുള്ള സുകുമാരന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. പിന്നീട് മാഷ് ചെറുകുന്നിൽ താമസിക്കുന്ന നാളുകളിൽ കൂടുതൽ അടുക്കാൻ അവസരം കിട്ടി. അക്കാലത്ത് പല സായാഹ്നങ്ങളിലും എന്റെ നടത്തം മാഷുടെ ലോഡ്ജ് മുറിയിലേക്കായിരുന്നു. മുറിയിൽ കയറിച്ചെല്ലുമ്പോൾ പലപ്പോഴും മാഷ് പുസ്തകം വായിക്കുകയോ ഭക്ഷണം തയ്യാറാക്കുകയോ സംഗീതം കേൾക്കുകയോ ആയിരിക്കും. ഹിന്ദുസ്ഥാനി-കർണ്ണാടിക് സംഗീതത്തിന്റെ നല്ലൊരുശേഖരം അദ്ദേഹത്തിനുണ്ടായിരുന്നു.

മാഷുടെ ജീവിതത്തിലുണ്ടായിരുന്ന പല പ്രതിസന്ധികളെക്കുറിച്ചും സങ്കടങ്ങളെക്കുറിച്ചും ഒരു സുഹൃത്തെന്നപോലെ എന്നോട് പറയുമായിരുന്നു. എന്നാൽ ഒട്ടേറെ പ്രതിസന്ധിഘട്ടങ്ങളും തരണംചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

താനുമായി പരിചയപ്പെടുന്നവരുമായി കടുത്ത സൗഹൃദത്തിലാകാൻ മാഷ് അധികം സമയം എടുത്തിരുന്നില്ല. ആയിരക്കണക്കിന് ശിഷ്യരുടേയും സുഹൃത്തുക്കളുടേയും പേരും മറ്റ് വിശദവിവരങ്ങളും ഓർത്തുവെയ്ക്കാൻ അസാധാരണമായ കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. പട്ടണത്തിൽ നടക്കുമ്പോൾ ചിലപ്പോഴൊക്കെ ശാരീരികാസ്വാസ്ഥ്യം മൂലമുള്ള കിതപ്പ് അനുഭവപ്പെടാറുണ്ടെങ്കിലും കാട്ടിലെത്തിയാൽ മലകയറാനും മറ്റും യാതൊരു പ്രയാസവുമില്ല. ചുറുചുറുക്കോടെ മലകയറുന്നത് ഞങ്ങൾ പലപ്പോഴും അത്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. തലക്കാവേരിയിലേക്കും കുടജാദ്രിയിലേക്കും അട്ടപ്പാടി കുന്നുകളിലേയ്ക്കുമുള്ള യാത്രകളിൽ അദ്ദേഹത്തോടൊപ്പം ചേരാനുള്ള ഭാഗ്യവും എനിക്കുലഭിച്ചിട്ടുണ്ട്.

പ്രസാദത്തിന്റെ ഏറ്റവും ഒടുവിലത്തെ ലക്കത്തിന്റെ പുറംചട്ടയിൽ അദ്ദേഹം എഴുതി : "പ്രകൃതിയിലേക്കുള്ളതെല്ലാം സമയബന്ധിതമാണ്. അതിനാൽ എല്ലാറ്റിനും ഒരു കഥയുണ്ട്. എല്ലാ കഥകൾക്കും ഒരു ആരംഭവും അവസാനവും ഉണ്ട്. ഒരു പദാർത്ഥം അതിന്റെ ധർമ്മം നിർവ്വഹിച്ചുകഴിഞ്ഞാൽ അഴിഞ്ഞ് അതിലെ ഘടങ്ങൾ മറ്റൊരു പദാർത്ഥമായി മാറുന്നു എന്നതും സത്യമാകുന്നു. മൂലകങ്ങൾ ഊർജ്ജമായും ഊർജ്ജം മൂലകങ്ങളായും മാറുന്നു. ഇതേ കാരണത്താൽ ഒന്നും നശിക്കുന്നില്ല. രൂപഭേദം മാത്രമേ സംഭവിക്കുന്നുള്ളൂ."

കഴിഞ്ഞ നാലുപതീറ്റാണ്ടിലധികമായി തന്റെ ശിഷ്യർക്കും സുഹൃത്തുക്കൾക്കും പരിചയക്കാർക്കുമെന്ന പോലെ കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് അളവില്ലാതെ, പിശുക്കില്ലാതെ ഊർജ്ജംപകർന്നു നൽകിയിരുന്നു. ജോൺസിയിതാ ഇപ്പോൾ വീണ്ടും മൂലകങ്ങളായി രൂപഭേദം പ്രാപിച്ചിരിക്കുന്നു. എങ്കിലും പതിനായിരക്കണക്കിന് ശിഷ്യരുടേയും സുഹൃത്തുക്കളുടേയും മനസ്സിൽ എന്നും തുടിക്കുന്ന ഊർജ്ജമായി അദ്ദേഹം നിലകൊള്ളുകതന്നെ ചെയ്യും – ലോകം കണ്ട ഏറ്റവും വലിയ ഹരിത ദാർശനികനെന്ന നിലയിൽ.

*നാലാംബരി, കണ്ണപുരം,*
*മൊട്ടമൽ പി.ഒ., കണ്ണൂർ – 670 331*

---

*(പേജ് 27-ൽനിന്നും തുടർച്ച)*

മാകുന്നു, സ്വാദിഷ്ഠമാകുന്നു, പ്രസാദമാകുന്നു എന്നാണ് കോൾകുന്നിൽ അമൃത്തിൽ ഒരിക്കൽ വീട്ടിൽ കള്ളൻ കയറി. തലേ ദിവസം അദ്ദേഹം കണ്ണൂരോ മറ്റോ പോയിരുന്നു. ഞാൻ അമൃതത്തിൽ രാവിലെ ചെന്നപ്പോൾ ചായ്പിന്റെ വാതിൽ തുറന്നു കിടക്കുന്നു. ആളില്ല. ജോൺസിയുടെ പ്രിയപ്പെട്ട അയൽക്കാരിയും വീടിന്റെ ശുശ്രൂഷകയും ശിഷ്യയുമായ ശ്രീമതി കുമാരിയുടെ ഭർത്താവിനെ വിളിച്ച് ചെന്നവിടെ കാത്തിരിപ്പായി വൈകുന്നേരമായപ്പോൾ ജോൺസി വന്നു.

"മാഷെ. വീട്ടിലാരോ അരുതാത്തയാൾ കയറിയിട്ടുണ്ട്." ഞങ്ങൾ പറഞ്ഞു.

"ഓ അതവിടെ ഒരു പഴയ റേഡിയോ ഉണ്ട്. അത് കൊണ്ടുപോയ്ക്കോട്ടെ ആളെ എനിക്കൂഹമുണ്ട്" ജോൺസിയുടെ മറുപടി.

അതെ ഉള്ളിൽ കടന്ന് പരിശോധിച്ചപ്പോൾ റേഡിയോ മാത്രമാണ് കള്ളൻ കൊണ്ട് പോയിരുന്നത്. ബാക്കി സാധനങ്ങളിലൊന്നും തൊട്ടിട്ടില്ല. പരാതിയോ പരിഭാവമോ അദ്ദേഹം പ്രകടിപ്പിച്ചു കണ്ടില്ല. മനുഷ്യനിന്ന് ചെയ്യുന്ന ഏറ്റവും വലിയ ഭീകരപ്രവർത്തനം പ്രകൃതിയോടും അവനവനോടുമെന്ന് വിളിച്ച് പറഞ്ഞ ധീരമാപ്പ്രകൃതിയുടെ അംശവും പോരാളിയുമായിരുന്നു അദ്ദേഹം ഒരിക്കലും പദവിയോ മഹത്വമോ പണമോ അദ്ദേഹത്തെ സ്പർശിച്ചതേയില്ല. മഹാ പ്രസാദങ്ങളെയും ആശ്രമങ്ങളേയും അന്ധമായ ആധുനികതയുടെ ഉൽപ്പന്നങ്ങളായി കണ്ട് പുഞ്ചിരിച്ചു. അമൃതം വിട്ട് പൂപ്പത്തിയിൽ ഗോത്രാദിമുഖ്യമുള്ളവരുടെ ഇടയിൽ താമസിച്ചപ്പോൾ അങ്ക്ൾ വളരെ സന്തോഷിച്ചു. ഒരു നോട്ടീസടിക്കാൻ പോലും പരസ്യത്തെ തേടുന്ന ഈ കാലത്ത്, ഒരു പരസ്യവും സ്പോൺസറിങ്ങും കൂടാതെ പ്രസാദത്തേയും പ്രതിഷ്ഠാനത്തേയും അദ്ദേഹം അന്തസ്സോടെ നിലനിർത്തി അറിവിന്റെ അക്ഷയ ഖനിയായിരിക്കെ അദ്ദേഹം കേരളം കണ്ട, എന്നാൽ തിരിച്ചറിയാതെ പോയ മഹത് വ്യക്തിത്വമായിരുന്നു. എന്റെ ഗ്രാമമായ നന്തിപുലത്തു വന്ന് "പ്രകൃതിയുടെ ആത്മീയതയെ" കുറിച്ച് ഒരു പഠനക്ലാസ്സ് അദ്ദേഹം നയിക്കുകയുണ്ടായി. കർഷകരുമായി അദ്ദേഹം സംവദിച്ച രീതി ഒരധ്യാപകൻ എന്ത് എങ്ങനെയായിരിക്കണമെന്ന് എന്നെ പഠിപ്പിച്ചു. കെട്ട കാലത്ത് നന്മയുടെ സമുദ്രം വറ്റി പോയെന്നും പറഞ്ഞ് കുന്തിച്ചിരിക്കാതെ ശുഭാപ്തി വിശ്വാസിയായ കൃഷി വലനായി അദ്ദേഹം വിത്തിറക്കി. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഒരു തുള്ളി കണ്ണീർ തൂവാൻ പോലുമുള്ള ജൈവ കാരുണ്യം നമ്മിലും എന്നിലും അവശേഷിക്കുന്നുണ്ടോ?

*തെക്കുംപുറത്ത്*
*നന്തിപുലം പി. ഒ., തൃശൂർ – 680312*